**മുതലാളിത്തത്തിന് വേണ്ടി ലോകത്തെ പാകപ്പെടുത്തുന്ന, റോക്ക്ഫെല്ലർ ഉൾപ്പെടെയുള്ള പരോപകാര ഫൗണ്ടേഷനുകളുടെ താത്പര്യങ്ങൾ വിശദമാക്കുന്നു**

**അരുന്ധതി റോയ്**

## മുതലാളിത്തം ഒരു പ്രേതകഥ – 3

# കോർപ്പറേറ്റുകളുടെ കപട ഉദാരതകൾ

**ലേഖനത്തിന്റെ** തുടർഭാഗങ്ങൾ നിശിത വിമർശനമായി ചിലർക്ക് തോന്നിയേക്കാം. എതിരഭിപ്രായക്കാരെ മാനിക്കുന്ന, പാരമ്പര്യപ്രകാരം പറഞ്ഞാൽ ഭൂലോകത്തെ മുഴുവൻ മുതലാളിത്തത്തിന് വേണ്ടി പാകപ്പെടുത്തിക്കൊടുക്കുന്നവരുടെ ദീർഘവീക്ഷണത്തിനും നയചാതുര്യത്തിനും ഇളക്കമില്ലാത്ത നിശ്ചയദാർഢ്യത്തിനുമുള്ള അംഗീകാരമാണിത്. 20–ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ പിൽക്കാലത്ത് ഓർമ്മയിൽ നിന്നും മാഞ്ഞുപോയ കാർണഗി ഫൗണ്ടേഷൻ, റോക്ക്ഫെല്ലർ ഫൗണ്ടേഷൻ തുടങ്ങിയ പരോപകാര ഫൗണ്ടേഷനുകൾ ചരിത്രത്തിന് രോമാഞ്ചമുണ്ടാക്കുന്ന പ്രവർത്തനങ്ങളുമായി കടന്നുപോയി. സ്റ്റാന്റേർഡ് ഓയിൽ കമ്പനി, കാർണഗി സ്റ്റീൽ കമ്പനി തുടങ്ങിയവരുടെ കോർപറേറ്റ് സൗമനസ്യ (corporate philanthropy) ത്തിന്റെ ഭാഗമായാണ് പ്രസ്തുത ഔദാര്യപ്രവർത്തനങ്ങൾ. കോളനിവാഴ്ചക്കാലത്തെ മിഷനറിപ്രവർത്തനങ്ങൾപോലെ മുതലാളിത്തത്തിന്റെ സൗമനസ്യ സൗജന്യങ്ങൾ. കാർണഗിയും റോക്ക്ഫെല്ലറും അക്കാലത്തെ ടാറ്റയും അംബാനിയുമായിരുന്നു.

റോക്ക്ഫെല്ലർ ഫൗണ്ടേഷൻ സാമ്പത്തികസഹായം ചെയ്യുകയോ വിത്ത് പണം (seed money) നല്കുകയോ ചെയ്ത സ്ഥാപനങ്ങളാണ് യു.എൻ, സി.ഐ.എ, കൗൺസിൽ ഓൺ ഫോറിൻ റിലേഷൻസ് (CFR), ന്യൂയോർക്കിലെ പ്രശസ്തമായ മ്യൂസിയം ഓഫ് മോഡേൺ ആർട്ട് എന്നിവ. മുതലാളിത്തത്തെ തള്ളിപ്പറയുകയും ലെനിനെ വീരജേതാവായി പരാമർശിക്കുകയും ചെയ്ത 'ഡിഗോറിവേറ'യുടെ ചുമർചിത്രം ചുമരടക്കം തകർത്ത് കളഞ്ഞത് മ്യൂസിയം ഓഫ് മോഡേൺ ആർട്ടിലാണ്. അന്നേ ദിവസം സംസാരസ്വാതന്ത്ര്യം അവധിയിലായിരുന്നു.

ജെ.ഡി. റോക്ക്ഫെല്ലർ അമേരിക്കയിലെ ആദ്യത്തെ ശതകോടീശ്വരനും ലോകത്തിലെ ഏറ്റവും വലിയ പണക്കാരനുമായിരുന്നു. ദുഃസ്വഭാവങ്ങളൊന്നുമില്ലാത്തയാൾ. അടിമത്തവിരുദ്ധൻ. എബ്രഹാംലിങ്കന്റെ അനുയായി. നേടിയെടുത്ത ഐശ്വര്യങ്ങൾ ദൈവം കൊടുത്തതാണെന്നദ്ദേഹം വിശ്വസിച്ചു. നല്ല ദൈവം! ***'സ്റ്റാന്റേർഡ് ഓയിൽ കമ്പനി'*** എന്ന പേരിലുള്ള പാബ്ലോ നെരൂദയുടെ കവിത

നാലാമത് അനുരാധ ഘാണ്ടി അനുസ്മരണത്തിന്റെ ഭാഗമായി 2012 ഫെബ്രുവരി 20ന് അരുന്ധതി റോയ് മുംബെയിൽ നടത്തിയ പ്രഭാഷണം. ഔട്ട്ലുക്ക് മാഗസിൻ പ്രസിദ്ധീകരിച്ച പ്രഭാഷണത്തിന്റെ സമ്പൂർണ്ണ പരിഭാഷ

**പരിഭാഷ: കാര്യാടൻ**

(കഴിഞ്ഞലക്കം തുടർച്ച)

യിൽ നിന്ന്:

*ചിരിച്ച് കൊല്ലുന്നവർ*
*പട്ടും ചുരുട്ടും*
*തെമ്മാടികളേയും ഏകാധിപതികളേയും*
*വിലയ്ക്കെടുക്കുന്നവർ*
*ന്യൂയോർക്കിലെ കൊഴുത്ത*
*ചക്രവർത്തിമാർ.*

*ഗ്രാമസഭകളേയും പോലീസിനെയും*
*വൻകരകളേയും സമുദ്രങ്ങളെയും*
*അവർ വിലയ്ക്കെടുക്കുന്നു.*
*പിശുക്കൻ അയാളുടെ*
*സ്വർണ്ണത്തെയെന്നപോലെ*
*കൈവശമുള്ള ധാന്യം കരുതലോടെ*
*കാക്കുന്ന പാവങ്ങളേയും.*
*സ്റ്റാന്റേർഡ് ഓയിൽ കമ്പനി*
*അവരെ കുലുക്കി ഉണർത്തുന്നു.*
*യൂണിഫോം ഇടുവിക്കുന്നു.*
*ഏത് സഹോദരനാണ് ശത്രു*
*എന്ന് ബോധ്യപ്പെടുത്തുന്നു.*
*പരാഗ്വേക്കാർ യുദ്ധം ചെയ്യുന്നു,*
*മെഷീൻ ഗൺ ഉപയോഗിച്ച്.*
*ബൊളീവിയക്കാർ കാട് ചുടുന്നു.*

*ഇത്തിരി പെട്രോളിന് വേണ്ടി*
*കൊല്ലപ്പെടുന്ന പ്രസിഡന്റ്,*
*ഒരു കോടി ഏക്കർ ബാധ്യത,*
*കൊലക്കയറിൽ ആടുന്ന പ്രഭാതങ്ങൾ,*
*ഒരു പുതിയ ജയിൽ,*
*പാറ്റഗോണിയൻ ചതികൾ,*
*ഭരണമാറ്റങ്ങൾ, പിറുപിറുക്കലുകൾ*
*ഏണ്ണക്കടലിലെ വേലിയേറ്റങ്ങൾ*
*നിങ്ങളുടെ വീട്ടിൽ തിളങ്ങുന്ന*
*അക്ഷരങ്ങൾ, സ്റ്റാന്റേർഡ് ഓയിൽ.*
*പശ്ചാത്തലത്തിൽ കറുത്ത*
*മേഘങ്ങൾ, അവരുടെ*
*സാമ്രാജ്യത്തിൽ സൂര്യോദയം.*

'കോർപറേറ്റ് എന്റോവ്ഡ് ഫൗണ്ടേഷനുകൾ' അമേരിക്കയിൽ പ്രത്യക്ഷപ്പെടാൻ തുടങ്ങിയപ്പോൾ അവയുടെ പണമൊഴുകിയെത്തിയ വഴികളെക്കുറിച്ചും നിയമസാധ്യതകളെക്കുറിച്ചും പ്രതിബദ്ധതയെക്കുറിച്ചും ഭീകരമായ സംവാദങ്ങൾ നടന്നു. കമ്പനികൾക്ക് ഒരുപാട് പണമുണ്ടെങ്കിൽ ജോലിക്ക് കൂടുതൽ ശമ്പളം കൊടുക്കയാണ് വേണ്ടതെന്ന് ചിലർ വാദിച്ചു. (അമേരിക്കയിലും അത്തരം ഹീന നിർദ്ദേശങ്ങൾ വരാറുണ്ടായിരുന്നു അക്കാലത്ത്) ഇന്ന് സർവ്വസാധാരണമായിക്കഴിഞ്ഞ ഇത്തരം ഫൗണ്ടേഷനുകൾ കച്ചവടഭാവനയുടെ ഒരു കുതിപ്പ് മാത്രമായിരുന്നു അന്ന്. ധനത്തെ അധികാരമാക്കിമാറ്റുന്ന, നികുതികൊടുക്കേണ്ടാത്ത, സുതാര്യത ആവശ്യമില്ലാത്ത നിയമവിധേയ സംരംഭങ്ങൾ ഇതിനേക്കാൾ നന്നായി എങ്ങനെയാണ് വാരിക്കൂട്ടിയ ലാഭത്തെ സാമൂഹിക സാംസ്കാരിക, രാഷ്ട്രീയ മൂലധനമാക്കിമാറ്റുക? പണത്തെ അധികാരമാക്കി മാറ്റുക? തങ്ങൾ വാരിക്കൂട്ടുന്നലാഭത്തിന്റെ ഒരു വിഹിതമുപയോഗിച്ച് ലോകത്തെ നയിക്കാനുള്ള അധികാരം കൈയാളുക? കമ്പ്യൂട്ടറുകളെക്കുറിച്ച് കുറച്ചു കാര്യങ്ങളറിയാവുന്ന ബിൽ ഗേറ്റ്സിന് അമേരിക്കയുടെ മാത്രമല്ല ലോകത്തിന്റെ മുഴുവൻ തന്നെ വിദ്യാഭ്യാസ, ആരോഗ്യ, കാർഷികനയങ്ങൾ ചിട്ടപ്പെടുത്താനുള്ള നിയോഗം എങ്ങിനെയുണ്ടായി?

സത്യസന്ധമായും സുതാര്യമായും പ്രവർത്തിച്ച്പോന്ന (പുസ്തകശാലകൾ നടത്തുകയും രോഗപ്രതിരോധത്തിനായി ശ്രമിക്കുകയും ചെയ്ത) ഫൗണ്ടേഷനുകൾ കാലക്രമേണ അവരുടെ കോർപ്പറേഷനുകളിൽ നിന്നകന്നു. സ്വാഭാവികമായും അവർ അപ്രസക്തരായി നിറം മങ്ങി. ഇക്കാലത്ത് ഫൗണ്ടേഷനുകളുടെ വിഹിതം പറ്റാൻ ഇടത് സഹചാരികളെന്നഭിമാനിക്കുന്നവർ പോലും മുന്നോട്ട് വരുന്നു.

1920 കളോടെ അമേരിക്കൻ മുതലാളിത്തം പുറത്തേക്ക് കണ്ണുവെച്ച് തുടങ്ങി. ധാതുക്കൾക്കും പുറത്തെ കച്ചവടസാദ്ധ്യതകൾക്കും വേണ്ടി ഫൗണ്ടേഷനുകൾ പുറം ലോകത്തെ കോർപറേറ്റ് ഭരണത്തിന് വേണ്ട ആശയങ്ങൾ മെനഞ്ഞു. 1924ൽ റോക്ക് ഫെല്ലർ, കാർണഗി ഫൗണ്ടേഷനുകൾ കൗൺസിൽ ഓൺ ഫോറിൻ റിലേഷൻസ് (CFR) സ്ഥാപിച്ചു. ഇതാണ് ഇന്നത്തെ കാലത്ത് വിദേശനയം രൂപീകരിക്കുന്നതിൽ ഏറ്റവും കൂടുതൽ സ്വാധീനം ചെലുത്തുന്ന സമ്മർദ്ദഗ്രൂപ്പ്. ഫോർഡ് ഫൗണ്ടേഷനും പിൽക്കാലത്ത് കൗൺസിൽ ഓൺ ഫോറിൻ റിലേഷൻസി(CFR)ന് ധനസഹായം ചെയ്തു തുടങ്ങി. 1947 മുതൽ പുതുതായി രൂപീകൃതമായ സി.ഐ.എയ്ക്ക് വേണ്ട സഹായങ്ങൾ ചെയ്ത് സഹകരണത്തോടെ പ്രവർത്തിക്കാൻ തുടങ്ങി കൗൺസിൽ ഓൺ ഫോറിൻ റിലേഷൻസ്. കാലക്രമേണ അമേരിക്കയിലെ സ്റ്റേറ്റ് സെക്രട്ടറിമാരായ 22 പേർ CFR അംഗങ്ങളുമായി. യുണൈറ്റഡ് നേഷൻസ് രൂപീകരിക്കാൻ സഹായിച്ച സ്റ്റീറിങ്ങ് കമ്മിറ്റിയിൽ CFR അംഗങ്ങൾ ഉണ്ടായിരുന്നു. ജെ.ഡി. റോക്ക് ഫെല്ലറിന്റെ 8.5 ശതകോടി ഡോളർ ഗ്രാന്റ് കൊണ്ടാണ് ന്യൂയോർക്കിലെ യുഎൻ ആസ്ഥാനത്തിന് സ്ഥലം വാങ്ങിയത്.

1946 മുതലുള്ള എല്ലാ ലോകബാങ്ക് പ്രസിഡന്റുമാരും CFR അംഗങ്ങളായിരുന്നു. (ജോർജ്ജ് വുഡ്സ് ഒഴിച്ച്, അദ്ദേഹം റോക്ക്ഫെല്ലർ ഫൗണ്ടേഷന്റെ ട്രസ്റ്റിയായിരുന്നു. ചേസ്മൻഹാട്ടന്റെ വൈസ് പ്രസിഡന്റും). മേൽപ്പറഞ്ഞവരായിരുന്നു പാവങ്ങളുടെ സന്യാസിമാർ (missioneries of the poor).

ലോകത്തിന്റെ റിസർവ് കറൻസി ഡോളർ തന്നെയെന്ന് ബ്രറ്റൻ വുഡ്സിൽ വച്ച് ലോകബാങ്കും ഐഎംഎഫും തീരുമാനിച്ചു. തദനുസരണം അങ്ങാടിയിൽ വേണ്ട ക്രമീകരണങ്ങൾ നടത്തിയിരിക്കണം. അവസാനം അവർ ഒരുപാട് പണം ചെലവാക്കി, ഭരണസംവിധാനങ്ങൾ മേത്തരമാക്കാൻ (ചരടുകൾ അവരുടെ കൈയ്യിൽ ഭദ്രമായിരിക്കുന്നേടത്തോളം), നിയമവാഴ്ച നിലനിർത്താൻ (നിയമനിർമ്മാണം അവരുടെ വരുതിയിലായിരിക്കുന്നേടത്തോളം), അഴിമതി വിരുദ്ധപരിപാടികൾ സംഘടിപ്പിക്കാൻ (അവർ നിർദ്ദേശിച്ച രീതികൾ നിലനിർത്താൻ), ലോകത്തിലെ ഏറ്റവും വലിയ രണ്ട് സുതാര്യതയും ബാദ്ധ്യതകളുമില്ലാത്ത സംഘടനകൾ ദരിദ്രരാജ്യത്തിലെ സുതാര്യതയും പ്രതിബദ്ധതയും ഉറപ്പുവരുത്താൻ നിയുക്തരായി.

മൂന്നാം ലോകരാജ്യങ്ങളിലെ അങ്ങാടികൾ ലോകബാങ്കിന്റെ ആശീർവാദത്തോടെ ബഹുരാഷ്ട്രഫൈനാൻസിങ്ങിനായി തുറന്നുകൊടുക്കപ്പെട്ട സാഹചര്യത്തിൽ കോർപറേറ്റ് സൗമനസ്യം (corporate philanthropy) ഒരു ദീർഘകാല കച്ചവടസാദ്ധ്യതയായി മാറിക്കഴിഞ്ഞു. കോർപറേറ്റ് ധനസഹായം ലഭിക്കുന്ന ഫൗണ്ടേഷനുകൾ തങ്ങളിൽ കേന്ദ്രീകൃതമാകുന്ന അധികാരം വിദഗ്ധമായ കരുനീക്കങ്ങളിലൂടെ ഉപയോഗിക്കുന്നു. ചതുരംഗക്കളിപോലെ. കറങ്ങുന്ന സ്ഫടികവാതിലുകളിലൂടെ കയറിയിറങ്ങുന്ന പ്രമുഖ ക്ലബ്ബ് മെമ്പർമാരിലൂടെ ബുദ്ധി കേന്ദ്രങ്ങളിലേക്ക് (think tanks). ഇടതുപക്ഷക്കാർ കുശുകുശുക്കുന്നപോലെ ഇതിൽ നിഗൂഢതയൊന്നുമില്ല. ഫ്രീമാസൻകാരെപ്പോലെ ചെകുത്താന്റെ രീ

തികളുമില്ല. വളരെ സാധാരണ മട്ടിലുള്ള അധികാരവിനിമയങ്ങൾ. ഓഫ്ഷോർ എക്കൗണ്ടുകൾ വഴി വൻതുക കൈമാറ്റം ചെയ്യുന്നപോലെ ലളിതം. കൈമാറ്റം ചെയ്യപ്പെടുന്നത് പണമല്ല, അധികാരമാണെന്ന് മാത്രം.

ഡേവിഡ് റോക്ക്ഫെല്ലർ, മുൻ അമേരിക്കൻ നാഷണൽ സെക്യൂരിറ്റി അഡ്വൈസർ സെന്യു ബ്രെസൻസ്തി (താലിബാന്റെ വല്യുപ്പയായ അഫ്ഗാൻ മുജാഹിദിന്റെ സംഘാടകൻ), ചേസ്മൻഹാട്ടൺ ബാങ്ക്, മറ്റ് ചില സ്വകാര്യ പ്രമുഖർ എന്നിവർ ചേർന്ന് 1973ൽ രൂപം നൽകിയ ട്രൈലാറ്ററൽ കമ്മീഷനാണ് CFRന്റെ രാജ്യാന്തര ഘടകം.

സംഘടനയുടെ ഉദ്ദേശ്യം വടക്കേ അമേരിക്കയിലേയും യൂറോപ്പിലെയും ജപ്പാനിലേയും കേമന്മാർ തമ്മിൽ ഒരു ശക്തമായ ബന്ധം ഊട്ടിയുറപ്പിക്കുക എന്നുള്ളതായിരുന്നു. ഇപ്പോഴത് കുറേ കൂടി വിപുലമായി ഇന്ത്യയിലേയും ചൈനയിലേയും വരെ കേമന്മാരെ ഉൾക്കൊണ്ടു. കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രീസിലെ തരുൺദാസ്, ഇൻഫോസിസിന്റെ നാരായണമൂർത്തി, ഗോദറെജിന്റെ ജാംഷെഡ് എൻ. ഗോദ്റെജ്, ടാറ്റാ സൺസിന്റെ ജംഷെഡ് ജെ. ഇറനി, അവന്താ ഗ്രൂപ്പിന്റെ ഗൗതം താപ്പർ എന്നിങ്ങനെ.



**അരവിന്ദ് കേജ്‌രിവാളിന്റെ എൻ.ജി.ഒ ഫോർഡ് ഫൗണ്ടേഷനിൽ നിന്ന് ധാരാളം പണം പറ്റുന്നുണ്ട്. കിരൺ ബേഡിയുടെ എൻ.ജി.ഒ പണം പറ്റുന്നത് കൊക്കോക്കോളയിൽനിന്നും ലെഹ്മൻ ബ്രദേഴ്സിൽനിന്നുമാണ്. അണ്ണാ ഹസാരെ, സ്വയം ഗാന്ധിയൻ എന്ന് വിളിക്കുന്നുണ്ട്. എന്നാൽ അദ്ദേഹം ആവശ്യപ്പെടുന്ന ജൻ ലോക്പാൽ ബിൽ ഗാന്ധിവിരുദ്ധവും മേൽത്തട്ടിലുള്ളവർക്ക് മാത്രം ഉതകുന്നതും അപകടകരവുമാണ്**

'ദി ആസ്പെൻ ഇൻസ്റ്റിട്യൂട്ട്' ഒരു ഇന്റർനാഷണൽ ക്ലബ്ബ് ആണ്. പ്രാദേശികകേമന്മാരും ഉദ്യോഗസ്ഥപ്രമുഖരും, രാഷ്ട്രീയക്കാരും അംഗങ്ങളായുള്ള വിവിധ രാജ്യങ്ങളിൽ അടിത്തറയുള്ള ക്ലബ്ബ്. തരുൺ താപ്പറാണ് ഇന്ത്യയിലെ ആസ്പെൻ ക്ലബ്ബിന്റെ പ്രസിഡന്റ്. ചെയർമാൻ ഗൗതം താപ്പറും (അവന്തി ഗ്രൂപ്പിന്റെ സി.ഇ.ഒ) ദൽഹി-മുംബൈ വ്യവസായ ഇടനാഴിയുടെ ഉപജ്ഞാതാക്കളായ മക്കിൻസെ ഗ്ലോബലിന്റെ മുതിർന്ന ആഫീസർമാർ പലരും CFR ന്റേയും ട്രൈലാറ്ററൽ കമ്മീഷന്റേയും ആസ്പൻ ഇൻസ്റ്റിറ്റ്യൂട്ടിന്റേയും അംഗങ്ങളാണ്.

1936ലാണ് ഫോർഡ് ഫൗണ്ടേഷൻ നിലവിൽ വരുന്നത്. റോക്ഫെല്ലർ ഫൗണ്ടേഷനേക്കാൾ വിശാല ചിന്താഗതിക്കാർ (liberal) ആണെങ്കിലും രണ്ടുകൂട്ടരും സ്ഥിരമായി സഹവർത്തിത്തത്തിലാണ്.

പരസ്യമായല്ലെങ്കിലും ഫോർഡ് ഫൗണ്ടേഷൻ അമേരിക്കൻ വിദേശകാര്യമന്ത്രാലയവുമായി ആശയപ്പൊരുത്തത്തോടെ അടുത്ത് ഇടപെട്ട് പ്രവർത്തിക്കുന്നു. അമേരിക്കൻ സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റിനെപ്പോലെ വ്യക്തമായ ആശയദൃഢതയോടെ ആഴമേറിയ ജനായത്തത്തിനും മേത്തരം ഭരണത്തിനും (good governance) വേണ്ടി നിലകൊള്ളുകയും സ്വതന്ത്രഅങ്ങാടിയിലും തങ്ങളുടെ ആശയങ്ങൾ പ്രചരിപ്പിക്കാനും ഉത്സാഹിക്കുന്നു. രണ്ടാം ലോകമഹായുദ്ധത്തിന് ശേഷം കമ്മ്യൂണിസ്റ്റുകൾ ഫാസിസ്റ്റുകളെ മറികടന്ന് അമേരിക്കയുടെ പ്രഥമശത്രുക്കളായപ്പോൾ, ശീതസമരത്തിന് പുതിയതരം ആയുധങ്ങൾ വേണമായിരുന്നു. ഫോർഡ് സാമ്പത്തികസഹായം കൊടുത്ത് നിലനിർത്തിയ റാൻഡ് (Research and Development Corporation) അമേരിക്കൻ സൈന്യത്തിന് വേണ്ടിയുള്ള ആയുധപര്യവേഷത്തിൽ വ്യാപൃതരായി. 1952ൽ സ്വതന്ത്രരാജ്യങ്ങളിലേക്കുള്ള കമ്മ്യൂണിസ്റ്റ് നുഴഞ്ഞ് കയറ്റം ചെറുക്കാനായി സെന്റർ ഫോർ ദ സ്റ്റഡി ഓഫ് ഡെമോക്രാറ്റിക് ഇൻസ്റ്റിറ്റ്യൂഷൻസ് ശീതസമരം ബുദ്ധിപൂർവ്വം ഇന്ത്യയിൽ നയിക്കാനുള്ള ഒത്താശകൾ ചെയ്തു. ഫോർഡ് ഫൗണ്ടേഷൻ ഇന്ത്യയിൽ നിക്ഷേപിച്ചിട്ടുള്ള ശതകോടികളെ നാം മേൽപറഞ്ഞ സൂക്ഷ്മദർശിനിയിലൂടെയാണ് നോക്കിക്കാണേണ്ടത്. കലാകാരന്മാർക്കും സിനിമാകാർക്കും സമരക്കാർക്കുമുള്ള അവരുടെ ധനസഹായങ്ങൾ, കലാശാലകളിലെ എന്റോവ്മെന്റുകൾ, സ്കോളർഷിപ്പുകൾ. ഫോർഡ് ഫൗണ്ടേഷന്റെ പ്രഖ്യാപിത നയംതന്നെ, 'മനുഷ്യരാശിയുടെ ഭാവിക്കായുള്ള ഉന്നങ്ങൾ' അഥവാ പ്രാദേശികമായും അന്തർദേശീയമായും രാഷ്ട്രീയ ഇടപെടലുകൾ നടത്തുക എന്നതാണ്. അമേരിക്കയിൽ അവർ എഡ്വേർഡ് ഫിലിന്റെ (ഡിപ്പാർട്ട്മെന്റ് സ്റ്റോർ ഉടമ) ക്രെഡിറ്റ് യൂണിയൻ മൂവ്

മെന്റിന് ഒത്താശകൾ ചെയ്തു. കോടിക്കണക്കിന് ഡോളറിന്റെ ധനസഹായം ചെയ്തു. കടം കൊടുത്തു. ജോലിക്കാർക്ക് വായ്പ സാധ്യതകൾ എളുപ്പമാക്കിക്കൊണ്ടുള്ള ഒരു ഉപഭോഗ വിപ്ലവത്തിൽ വിശ്വസിച്ച് പ്രവർത്തിച്ചയാളാണ് എഡ്വേർഡ് ഫിലിൻ – 1919 കാലത്തെ ഒരു സ്വപ്നസുന്ദര ആശയം. മുതലാളിത്തക്കാർ ഫിലിന്റെ സ്വപ്ന പദ്ധതിയനുസരിച്ച് തൊഴിലാളികൾക്ക് ലളിതവ്യവസ്ഥയിൽ കടം ഏർപ്പാടാക്കി. അങ്ങനെ അമേരിക്കൻ തൊഴിലാളിയെ ജീവിത നിലവാരവുമായി ഒത്തുപോകാൻ എക്കാലത്തും ബദ്ധപ്പെടുന്ന സ്ഥിരം കടക്കാരനാക്കി.

ഒരുപാട് വർഷങ്ങൾക്ക് ശേഷം മുഹമ്മദ് യൂനസിന്റെ മൈക്രോ ക്രെഡിറ്റ് ബംഗ്ലാദേശിലെ പട്ടിണിപാവങ്ങൾക്കിടയിൽ അപകടകരമായ പ്രത്യാഘാതങ്ങളുണ്ടാക്കി. ഇന്ത്യയിലെ മൈക്രോഫിനാൻസ് കമ്പനികൾ – ആന്ധ്രയിലെ 200 ആത്മഹത്യകളടക്കം – നൂറുകണക്കിന് ആത്മഹത്യകളുടെ കാരണക്കാരാണ്. 18 വയസ്സായ ഒരു പെൺകുട്ടിയുടെ ആത്മഹത്യാക്കുറിപ്പ് ഈയിടെ ഒരു ദേശീയപത്രം പ്രസിദ്ധീകരിച്ചു. "കഠിനമായി ജോലിചെയ്ത് പണമുണ്ടാക്കുക, പലിശക്ക് കടം വാങ്ങരുത്." പെൺകുട്ടിക്ക് അവളുടെ കൈയ്യിലുണ്ടായിരുന്ന അവസാനത്തെ 150 ഉറുപ്പിക മെട്രോ ഫൈനാൻസ് കമ്പനിയുടെ ഉദ്യോഗസ്ഥർക്ക് കൊടുക്കേണ്ടിവന്നു. അതവളുടെ സ്കൂൾ ഫീസായിരുന്നു. ദാരിദ്ര്യത്തിൽ ഒരുപാട് പണസാദ്ധ്യതകളുണ്ട്. നോബൽ സമ്മാനങ്ങളും.

നമ്മളിൽ ഏത് മഹാപാപിയാണ് ആദ്യത്തെ കല്ലെറിയാൻ പോകുന്നത്. നാം ടാറ്റാ സ്കൈ കാണുന്നു. ടാറ്റോ ഫോൺ ഉപയോഗിച്ച് സർഫ് ചെയ്യുന്നു. ടാറ്റയുടെ ചായ നുണയുന്നു. ടാറ്റയുടെ ഉപ്പ് തിന്നുന്നു.

1950 കളിൽ റോക് ഫെല്ലർ, ഫോർഡ് ഫൗണ്ടേഷനുകൾ, അമേരിക്കൻ ഭരണകൂടത്തിന്റെ പ്രതിനിധികളെപ്പോലെ വർത്തിച്ച് എൻ.ജി.ഒകൾക്കും അന്തർദ്ദേശീയ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ധനസഹായം ചെയ്തു. ജനായത്തരീതിയിൽ തിരഞ്ഞെടുക്കപ്പെട്ട ലാറ്റിനമേരിക്കൻ രാജ്യങ്ങളിലേയും ഇറാനിലെയും ഇന്തോനേഷ്യയിലെയും ഭരണകൂടങ്ങളെ മറിച്ചിട്ടു. അക്കാലത്ത് അവർ ചേരിചരാ നയം കൊണ്ട് നടന്നിരുന്ന ഇന്ത്യയിലും കയറി ഇടപെട്ടു. ഇന്ത്യ സോവിയറ്റ് യൂണിയനിലേക്ക് ചാഞ്ഞുകൊണ്ടിരിക്കുന്ന കാലമായിരുന്നു. ഇന്തോനേഷ്യൻ യൂണിവേഴ്സിറ്റിയിൽ അമേരിക്കൻ രീതിയിലുള്ള സാമ്പത്തികശാസ്ത്രകോഴ്സുകൾ തുടങ്ങി. ജനറൽ സുഹാർത്തോവിനെ അധികാരത്തിലെത്തിച്ച സംഭവപരമ്പരകളുടെ തുടക്കം അങ്ങിനെയായിരുന്നു. 1965ൽ സി.ഐ.എ സഹായത്തോടെ, അമേരിക്കൻ പട്ടാള ഓഫീസർമാരുടെ ഒത്താശയോടെ സുഹാർത്തോ അധികാരത്തിൽ വന്നു. ലക്ഷക്കണക്കിന് കമ്മ്യൂണിസ്റ്റ് പോരാളികളെ കൊന്നൊടുക്കിക്കൊണ്ട് സുഹാർത്തോ നന്ദി കാണിച്ചു.

ഇരുപത് വർഷത്തിന് ശേഷം ഷിക്കാഗോ ബോയ് എന്നറിയപ്പെട്ട ചിലിയൻ വിദ്യാർത്ഥികളെ മിൽട്ടൺ ഫ്രൈഡ്മാൻ എന്നയാൾ യുഎസ്സിലെ ഷിക്കാഗോ യൂണിവേഴ്സിറ്റിയിൽ എത്തിച്ചു, നിയോലിബറൽ ഇക്കണോമിക്സ് പഠിക്കാൻ. സൽവദോർ അല്ലൻഡെ വധിക്കപ്പെടുകയും ജനറൽ പിനോഷെ അധികാരത്തിലേറുകയും ചെയ്ത, സിഐഎ ഒത്താശ ചെയ്ത 1973 ലെ അട്ടിമറിയുടെ തുടക്കമായിരുന്നു ആ സംഭവം. തുടർന്ന് 17 കൊല്ലക്കാലം അജ്ഞാതജഢങ്ങളുടേയും ഒരിക്കലും കണ്ടെത്താനാവാത്തവിധം അപ്രത്യക്ഷരാവുന്നവരുടേയും കാലമായിരുന്നു. തിരഞ്ഞെടുക്കപ്പെട്ട സോഷ്യലിസ്റ്റായിരുന്ന അലൻഡെയുടെ കുറ്റം ചിലിയുടെ മൈനുകൾ ദേശസാൽക്കരിച്ചു എന്നതായിരുന്നു.

1957 ൽ ഏഷ്യയിലെ സാമൂഹ്യനേതാക്കൾക്കായി റമൺ മാഗ്സസെ അവാർഡ് റോക്ഫെല്ലർ ഫൗണ്ടേഷൻ ആരംഭിച്ചു. ഫിലിപ്പൈൻസിന്റെ പ്രസിഡന്റായിരുന്ന റമൺ മാഗ്സസെയുടെ പേരാണ് അവർഡിന് കൊടുത്തത്. ദക്ഷിണേഷ്യയിലെ കമ്മ്യൂണിസ്റ്റ് വിരുദ്ധ നീക്കങ്ങളിൽ അമേരിക്കയുടെ കൂട്ടാളിയായിരുന്നു മാഗ്സസെ. ഇന്ത്യയിൽ വളരെ വിലമതിക്കപ്പെട്ട കലാകാരന്മാർക്കും സാമൂഹ്യപ്രവർത്തകർക്കും നല്കിവരുന്ന അവാർഡാണ് മാഗ്സസെ അവാർഡ്. എം.എസ്. സുബ്ബലക്ഷ്മി, സത്യജിത് റേ, ജയപ്രകാശ് നാരായണൻ തുടങ്ങി പ്രമുഖ പത്രപ്രവർത്തകൻ പി. സായ്നാഥിന് വരെ അവാർഡ് കിട്ടിയിട്ടുണ്ട്. യഥാർത്ഥത്തിൽ മേല്പറഞ്ഞവരെല്ലാം മാഗ്സസെക്കാണ് അവാർഡ് കൊടുത്തത്. എതുതരം ആക്ടിവിസമാണ് 'അംഗീകൃത'മെന്ന് വിലയിരുത്തുന്നതിനുള്ള ശ്രേഷ്ഠമായ വിധികർത്താവായി മാഗ്സസെ അവാർഡ് മാറി.

അണ്ണാ ഹസാരെയുടെ അഴിമതി വിരുദ്ധപ്രസ്ഥാനം മൂന്ന് മാഗ്സസെ ജേതാക്കളാണ് രൂപം കൊടുത്തതെന്ന വസ്തുത രസകരമാണ്. അണ്ണാ ഹസാരെ, അരവിന്ദ് കേജ്രിവാൾ, കിരൺ ബേഡി. അരവിന്ദ് കേജ്രിവാളിന്റെ എൻ.ജി.ഒ ഫോർഡ് ഫൗണ്ടേഷനിൽനിന്ന് ധാരാളം പണം പറ്റുന്നുണ്ട്. കിരൺ ബേഡിയുടെ എൻ.ജി.ഒ പണം പറ്റുന്നത് കൊക്കോക്കോളയിൽനിന്നും ലെഹ്മൻ ബ്രദേഴ്സിൽനിന്നുമാണ്. അണ്ണാ ഹസാരെ, സ്വയം ഗാന്ധിയനെന്ന് വിളിക്കുന്നുണ്ട്. എന്നാൽ അദ്ദേഹം ആവശ്യപ്പെടുന്ന ജൻ ലോക്പാൽ ബിൽ ഗാന്ധിവിരുദ്ധവും മേൽത്തട്ടിലുള്ളവർക്ക് മാത്രം ഉതകുന്നതും അപകടകരവുമാണ്. കോർപറേറ്റ് മീഡിയ അദ്ദേഹത്തിന് 'ജനങ്ങളുടെ ശബ്ദം' എന്ന മട്ടിൽ വൻപ്രചരണം നല്കി. വമ്പൻ പത്രപ്രവർത്തകർക്ക് കൂടി പങ്കാളിത്തമുള്ള കോർപറേറ്റ് അഴിമതികളിൽനിന്നുള്ള ശ്രദ്ധ വിദഗ്ദ്ധമായി വഴിതിരിക്കാൻ അവർക്ക് കഴിഞ്ഞു. 2008ൽ അണ്ണാ ഹസാരെക്ക് പൊതുപ്രവർത്തനത്തിലെ പ്രാഗത്ഭ്യത്തിനുള്ള അവാർഡ് ലഭിച്ചു. അണ്ണയുടെ പ്രസ്ഥാനം തങ്ങളുടെ നയങ്ങളുമായി യോജിച്ച് പോകുന്നതാണെന്ന് ലോകബാങ്ക് വാഷിംഗ്ടണിൽ നിന്നും പ്രസ്താവനയിറക്കി. *(തുടരും)*

books
magazines
periodicals
BYWORD
BOOKS
marva plaza, machingal lane, m.g. road, thrissur
Tel. : 0487 3256689, Mob : 9847764577